KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly Newsletter of Kerala State Co-operative Bank Vol.1 Issue.2 Feb & Mar 2021

## 'മഴവില്ല്' സാമ്പത്തിക സാക്ഷരതക്ക് ചാലക ശക്തിയാവും

**- കടകംപള്ളി സുരേന്ദ്രൻ**

കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിലും സഹകാരികളിലും ഇടപാടുകാരിലും എത്തിക്കുന്നതിനും, സാമ്പത്തിക സാക്ഷരതാ പ്രവർത്തനം വിപുലമാക്കുന്നതിനും ചാലക ശക്തിയാവാൻ കേരള ബാങ്കിന്റെ മുഖപത്രമായ മഴവില്ലിന് കഴിയുമെന്ന് സഹകരണ, ടൂറിസം, ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. മഴവില്ല് വാർത്താ പത്രികയുടെ ആദ്യ കോപ്പി സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി ഐഎഎസ്സിനു നൽകി പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ കേരള ബാങ്ക് പ്രസിഡണ്ട് ശ്രീ. ഗോപി കോട്ടമുറിക്കൽ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. പി. എസ്. രാജൻ, ചീഫ് ജനറൽ മാനേജർ ശ്രീ. കെ. സി. സഹദേവൻ, ജനറൽ മാനേജർമാരായ ശ്രീ. പി. ഗോപകുമാർ, ശ്രീ. സി. സുനിൽ ചന്ദ്രൻ എന്നിവർ സന്നിഹിതരായിരുന്നു.

നബാർഡിന്റെ സഹകരണ വികസന ഫണ്ടിൽ നിന്നുള്ള ഗ്രാന്റ് ഉപയോഗപ്പെടുത്തിയുള്ള കേരള ബാങ്ക് വാർത്താ പത്രിക എല്ലാ മാസവും പ്രസിദ്ധീകരിക്കുന്നതാണ്. കേരള ബാങ്കിന്റെ പ്രധാന പ്രവർത്തനങ്ങൾക്കൊപ്പം ബാങ്കിംഗ്, ധനകാര്യം, സഹകരണം എന്നീ മേഖലകളിലെ വാർത്തകളും വിശേഷങ്ങളും മഴവില്ലിന്റെ ഉള്ളടക്കത്തിൽ ഉണ്ടാവുന്നതാണ്.



*കേരള ബാങ്കിന്റെ മഴവില്ല് വാർത്താ പത്രിക ബഹു. സഹകരണ ടൂറിസം ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി ഐഎഎസ്സിനു നൽകി പ്രകാശനം ചെയ്യുന്നു. കേരള ബാങ്ക് ഭരണ സമിതി പ്രസിഡണ്ട് ശ്രീ. ഗോപി കോട്ടമുറിക്കൽ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. പി. എസ്. രാജൻ, ചീഫ് ജനറൽ മാനേജർ ശ്രീ. കെ. സി. സഹദേവൻ, ജനറൽ മാനേജർ ശ്രീ. പി. ഗോപകുമാർ എന്നിവർ സമീപം.*

# കോവിഡ് അതിജീവനം:

## പ്രാഥമിക സഹകരണ ബാങ്കുകൾക്കുള്ള അവാർഡ് വിതരണം ചെയ്തു



കടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്



ചെറുതാഴം സർവ്വീസ് സഹകരണ ബാങ്ക്



മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്ക്

കോവിഡ്-19 പ്രതിസന്ധിയിലും മികച്ച സേവനം കാഴ്ചവച്ച പ്രാഥമിക സഹകരണ ബാങ്കുകൾക്കുള്ള കേരള ബാങ്കിന്റെ അവാർഡ് കേരള ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിക്കൽ വിതരണം ചെയ്തു.

ബാങ്ക് ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടിയ കൊല്ലം കടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് ഒരു ലക്ഷം രൂപയുടെ ക്യാഷ് അവാർഡും, ഫലകവും പ്രശംസാ പത്രവും ഏറ്റുവാങ്ങി. രണ്ടാം സ്ഥാനം നേടിയ കണ്ണൂർ ചെറുതാഴം സർവ്വീസ് സഹകരണ ബാങ്കിന് 50,000 രൂപയും ഫലകവും ലഭിച്ചു. മൂന്നാം സ്ഥാനം ലഭിച്ച പാലക്കാട് മണ്ണാർക്കാട് റൂറൽ സർവ്വീസ് സഹകരണ ബാങ്ക് 25,000 രൂപയും ഫലകവും കോവിഡ് പ്രതിരോധ പ്രവർത്തനത്തിനുള്ള പ്രത്യേക അവാർഡും ഏറ്റുവാങ്ങി. മലപ്പുറം ജില്ല ഒഴികെയുള്ള 13 ജില്ലകളിലെയും മികച്ച സഹകരണ ബാങ്കുകൾക്കുള്ള അവാർഡുകൾ തദവസരത്തിൽ കേരള ബാങ്ക് പ്രസിഡന്റ് വിതരണം ചെയ്തു.

ജില്ലയിൽ മികച്ച പ്രവർത്തനങ്ങൾക്കു അവാർഡ് ലഭിച്ച പ്രാഥമിക സഹകരണ ബാങ്കുകളുടെ പേരുവിവരങ്ങൾ.

**തിരുവനന്തപുരം** : ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്ക്, **കൊല്ലം** : നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്, **പത്തനംതിട്ട** : നെടുമൺ സർവ്വീസ് സഹകരണ ബാങ്ക്, **ആലപ്പുഴ** : ഭരണിക്കാവ് സർവ്വീസ് സഹകരണ ബാങ്ക്, **കോട്ടയം** : മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക്, **ഇടുക്കി** : (1) തങ്കമണി സർവ്വീസ് സഹകരണ ബാങ്ക്, (2) അടിമാലി സർവ്വീസ് സഹകരണ ബാങ്ക്, **എറണാകുളം** : പാറക്കടവ് സർവ്വീസ് സഹകരണ ബാങ്ക്, **തൃശ്ശൂർ** : പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക്, **പാലക്കാട്** : കണ്ണമ്പ്ര സർവ്വീസ് സഹകരണ ബാങ്ക്, **കോഴിക്കോട്** : (1) പുതുപ്പാടി സർവ്വീസ് സഹകരണ ബാങ്ക്, (2) കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്, **വയനാട്** : തരിയോട് സർവ്വീസ് സഹകരണ ബാങ്ക്, **കണ്ണൂർ** : മാടായി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക്, **കാസർഗോഡ്** : പനത്തടി സർവ്വീസ് സഹകരണ ബാങ്ക്.

# പി.എസ്.സി. ലിസ്റ്റിലുള്ള ഒരു ഉദ്യോഗാർത്ഥിയുടെയും അവസരം നഷ്ടപ്പെടില്ല

കേരള ബാങ്കിൽ അനധികൃത നിയമനങ്ങൾക്ക് ശ്രമിക്കുന്നു എന്ന തരത്തിലുള്ള വാർത്തകൾ തികച്ചും തെറ്റിദ്ധരിക്കപ്പെടുന്നതാണ്. വർഷങ്ങളായി ബാങ്കിന് വേണ്ടി ഫീൽഡ് വർക്ക് ചെയ്യുന്ന ഡെയ്‌ലി കളക്ഷൻ ഏജന്റുമാരെ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ഫീൽഡ് അസിസ്റ്റന്റ് എന്ന് പുനർനാമകരണം ചെയ്ത് തുടർന്നും അവരുടെ സേവനം ഉറപ്പാക്കാനാണ് ശ്രമിച്ചത്. പിരിച്ചെടുക്കുന്ന വായ്പതുകയുടെ കമ്മീഷൻ അടിസ്ഥാനത്തിലാണ് ഇതുവരെ അവർക്ക് വേതനം നൽകിയിരുന്നത്. കളക്ഷൻ ഏജന്റുമാരുടെ വർഷങ്ങളായുള്ള അഭ്യർത്ഥന മാനിച്ച് അവർക്ക് വേണ്ടി ഒരു പേ സ്കെയിൽ ഫിക്സ് ചെയ്യാനുള്ള ശ്രമവും ബാങ്ക് നടത്തിയിരുന്നു. വർഷങ്ങളായി ബാങ്കിന് വേണ്ടി ജോലി ചെയ്യുന്ന സെക്യൂരിറ്റി ജീവനക്കാർക്കും ഒരു പേസ്കെയിൽ ഫിക്സ് ചെയ്യുന്ന കാര്യം ബാങ്ക് പരിഗണിച്ചിരുന്നു. ഈ തസ്തികകളൊന്നും പി.എസ്. എസി വഴി നിയമനം നടത്തുന്നതല്ല.

ജില്ല സഹകരണ ബാങ്കുകളിൽ കാലാകാലങ്ങളായി നിയമിച്ചിട്ടുള്ളവർ സ്ഥിരപ്പെട്ടവർ തന്നെയാണല്ലോ. പിന്നെ സ്ഥിരപ്പെടുത്തൽ എന്നൊരു വിഷയമേ ഉദിക്കുന്നില്ല. അവർക്കൊരു പുതിയ പേരും പേ സ്കെയിലും മാത്രമേ കേരള ബാങ്കിന്റെ പരിഗണനയിലുണ്ടായിരുന്നുള്ളൂ. അത് ചില മാധ്യമങ്ങൾ ഒരു ആഘോഷമാക്കി മാറ്റി എന്നു മാത്രം.

നിലവിൽ പി.എസ്. സിയ്ക്ക് ശുപാർശചെയ്തതും ഭാവിയിൽ ചെയ്യാൻ സാധ്യത ഉള്ളതുമായ ഒരു തസ്തികയിലും ഇത്തരത്തിൽ നിയമനം നടത്താൻ ബാങ്ക് ശ്രമിച്ചിട്ടില്ല. എന്നതാണ് യാഥാർത്ഥ്യം. മാനുഷിക പരിഗണനയിലുള്ള ഇത്തരം നിയമനങ്ങൾ കാരണം പി.എസ്.സി. ലിസ്റ്റിലുള്ള ഒരു ഉദ്യോഗാർത്ഥിയുടെയും അവസരം നഷ്ടപ്പെടില്ല എന്ന് ബാങ്ക് ഉറപ്പു നൽകുന്നു.




കേന്ദ്ര സർക്കാരിന്റെ 6,55,000പരം ഒഴിവുള്ള തസ്തികകളിൽ നിയമനം നടക്കുന്നില്ല. അതിൽ തന്നെ 2,50,000ത്തോളം തസ്തികകൾ റെയിൽവേയുടെതാണ്. ഇതിനെ കുറിച്ച് ആരും പ്രതികരിച്ചുകണ്ടില്ല. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ അവകാശങ്ങൾ കേരള ബാങ്ക് വന്നതിന്റെ പേരിൽ ഹനിക്കപ്പെടുകയില്ല. സഹകരണ ബാങ്കിംഗ് മേഖലയിൽ പി.എസ്.സി വഴി ധാരാളം പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇനിയും അത് തുടരുകതന്നെ ചെയ്യും.

തൊഴിൽ രഹിതരായ ചെറുപ്പക്കാരെ തെറ്റിദ്ധരിപ്പിക്കാൻ നടക്കുന്ന ശ്രമങ്ങൾ ഖേദകരമാണ്. കോവിഡ്-19 പശ്ചാത്തലത്തിൽ ബാങ്കിന്റെ നിഷ്ക്രിയ ആസ്തികുറയ്ക്കുന്നതിന് എല്ലാ ജീവനക്കാരും കഠിന പരിശ്രമം നടത്തുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഈ അവസരത്തിൽ ഫീൽഡ് വർക്ക് ചെയ്ത് വായ്പ പിരിക്കുന്ന കളക്ഷൻ ഏജന്റ്മാർ സ്തുത്യർഹമായ സേവനമാണ് കാഴ്ചവെയ്ക്കുന്നത്. അവരുടെ സേവനം കൂടുതൽ പ്രയോജനപ്പെടുത്താനുള്ള നടപടികളാണ് ബാങ്ക് സ്വീകരിച്ചത്. ഈ വസ്തുതകൾ മനസ്സിലാക്കി ബാങ്കിനെതിരെയുള്ള ദുരുദ്ദേശപരമായ പ്രചരണങ്ങൾക്ക് കടിഞ്ഞാണിടാനുള്ള മനസ്സും, പ്രവർത്തനവും എല്ലാവരിൽ നിന്നും ഉണ്ടാകണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

**● ഗോപി കോട്ടമുറിക്കൽ**
പ്രസിഡന്റ്

# സ്പെഷ്യൽ റീഫിനാൻസ് പദ്ധതി

## പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള വായ്പാപദ്ധതി



സഹകരണ മേഖലയുടെ അടിസ്ഥാന ഘടകമായ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടുതൽ ശക്തിപ്പെടുത്തി വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള സ്പെഷ്യൽ റിഫിനാൻസ് പദ്ധതി (SRF) നബാർഡ് ധനസഹായത്തോടെ കേരള ബാങ്ക് നടപ്പിലാക്കി വരുകയാണ്.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ ബിസിനസ് വർദ്ധിപ്പിക്കൽ, അടിസ്ഥാന സൗകര്യങ്ങളുടെ ഗുണപരമായ വികസനം (Creative Capital Asset) എന്നിവയിലൂടെ കേരളത്തിലെ പരമാവധി (ഏകദേശം 600 ഓളം) സംഘങ്ങളെ 3 വർഷം കൊണ്ട് വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങളാക്കി മാറ്റുകയാണ് SRF പദ്ധതിയുടെ ഉദ്ദേശ്യം.

സംഘങ്ങൾ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന കാർഷിക വിളകളുടെ സംഭരണം, സംസ്കരണം, വിനിമയം, വിപണനം എന്നിവ മെച്ചപ്പെടുത്തി സാധാരണ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനുള്ള വിവിധ മൂല്യ വർദ്ധിത സംരംഭങ്ങൾക്കാണ് SRF വായ്പ അനുവദിക്കുന്നത്. 50 ലക്ഷം മുതൽ 5 കോടി വരെയുള്ള പ്രോജക്ടുകൾക്കാണ് SRF വായ്പ ലഭിക്കുന്നത്. എന്നാൽ സംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടിന്റെ പ്രാധാന്യം അനുസരിച്ച് കൂടുതൽ തുക അനുവദിക്കുന്നതായിരിക്കും. പരമാവധി 7 വർഷമാണ് തിരിച്ചടവ് കാലാവധി (പദ്ധതി അനുവദിച്ച് 6 മുതൽ 24 മാസം വരെ ഗ്രേസ് പിരീഡ് ലഭിക്കും). 4% പലിശ നിരക്കിൽ Long Term Refinance സംവിധാനത്തിലൂടെയാണ് വായ്പ അനുവദിക്കുന്നത്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട 2 കോടി വരെയുള്ള പ്രാഥമിക മൂല്യവർദ്ധിത സംരംഭ വായ്പകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചറൽ ഫണ്ടിൽ (AIF) നിന്നുള്ള 3% പലിശ ഇളവിനും അർഹത ഉണ്ടായിരിക്കും.

അഗ്രോ സ്റ്റോറേജ് സെന്ററുകൾ, ആധുനിക രീതിയിലുള്ള കോൾഡ് സ്റ്റോറേജുകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, അഗ്രോ പ്രോസസിംഗ് കേന്ദ്രങ്ങൾ, അഗ്രി ഇൻഫർമേഷൻ സെന്റർ, അഗ്രി ട്രാൻസ്പോർട്ടേഷൻ & മാർക്കറ്റിംഗ് ഫെസിലിറ്റികൾ, കൺസ്യൂമർ സ്റ്റോറുകൾ തുടങ്ങി കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവിധ സംരംഭങ്ങൾക്കാണ് സ്പെഷ്യൽ റീഫിനാൻസ് വായ്പ അനുവദിക്കുന്നത്. 15 സംഘങ്ങൾക്കായി 45.14 കോടി രൂപ വായ്പയായി ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

വായ്പ ലഭിക്കുന്നതിനായി സംഘങ്ങളുടെ ആവശ്യം അനുസരിച്ച് മികച്ച പ്രോജക്ടുകൾ തയ്യാറാക്കി കേരള ബാങ്ക് വഴി നബാർഡിന്റെ അനുമതിക്കായി സമർപ്പിക്കേണ്ടതാണ്.

**● പി എസ് രാജൻ**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

# കേരള ബാങ്കിന്റെ ആധുനികവൽകരണത്തിന് BDPI സെൽ
## (Business Diversification & Product Innovation Cell)



കേരള സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം എന്ന ലക്ഷ്യത്തോടെ രൂപീകൃതമായ കേരള ബാങ്ക് വഴി സുരക്ഷിതവും, വിശ്വസനീയവുമായ ആധുനിക ബാങ്കിംഗ് സേവനങ്ങൾ സാധാരണക്കാരിലേക്ക് പരമാവധി എത്തിക്കാനുള്ള വിവിധ നടപടികൾ ബാങ്ക് സ്വീകരിച്ചു വരികയാണ്.

ഇതിന്റെ ഭാഗമായി കേരള ബാങ്കിന്റെയും, ബാങ്കിന്റെ ടച്ച് പോയിന്റായ 1557 പ്രാഥമിക സഹകരണ സംഘങ്ങളുടെയും ആധുനികവത്കരണവും വളർച്ചയും ലക്ഷ്യമാക്കി, ബിസിനസ് വൈവിധ്യവത്കരണത്തിനും, ഉല്പന്ന നവീകരണത്തിനുമായി നബാർഡ് ധനസഹായത്തോടെ BDPI Cell കേരള ബാങ്കിൽ ആരംഭിക്കുകയാണ്.

കോവിഡ്-19 പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതരത്തിൽ പുതിയ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ കേരള ബാങ്ക് പ്രത്യേക പരിഗണനയാണ് നൽകുന്നത്. സാധാരണ തൊഴിലാളികൾ മുതൽ പ്രവാസികൾക്കു വരെ പ്രയോജനകരമായ രീതിയിൽ ആധുനിക യുഗത്തിന് ചേർന്ന പുതിയ ഉല്പന്നങ്ങൾ ആവിഷ്കരിച്ച് ബാങ്കിന്റെ ബിസിനസിൽ വൈവിധ്യവത്കരണം ഉറപ്പാക്കുക എന്നതാണ് BDPI സെല്ലിന്റെ പ്രവർത്തന ലക്ഷ്യം.

കേരള സംസ്ഥാന സഹകരണ ബാങ്കിലും, ജില്ലാ ബാങ്കുകളിലും നിലവിലുണ്ടായിരുന്ന പഴയ വായ്പാ പദ്ധതികളെ ഉപഭോക്താക്കളുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾക്കും, നിലവിലെ സാഹചര്യത്തിനും അനുസൃതമായി മാറ്റിയെടുക്കാൻ BDPI സെൽ വഴി നടത്തുന്ന പ്രവർത്തനങ്ങൾ സഹായിക്കും.

വിപണിയുടെ ചലനങ്ങൾ മനസ്സിലാക്കാനുള്ള സർവ്വേകൾ, വിവിധ ഉല്പന്നങ്ങളെക്കുറിച്ച് കേന്ദ്ര, സംസ്ഥാന, സഹകരണ, സ്വകാര്യ പങ്കാളിത്തത്തോടെയുള്ള വിശകലനം, മാതൃക ആക്കാവുന്ന മറ്റ് ബാങ്കുകൾ, സംരംഭങ്ങൾ ഇവയെക്കുറിച്ചുള്ള പഠനം പ്രാഥമിക സംഘങ്ങൾ, നബാർഡ്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, കേന്ദ്ര/സംസ്ഥാന സർക്കാരുകൾ തുടങ്ങിയ ഇടപാടുകാരുമായുള്ള നല്ല ബന്ധം എന്നിവയിലൂടെ ബാങ്കിന്റെ ബിസിനസ് വളർത്താനുള്ള പ്രവർത്തനങ്ങളാണ് BDPI സെൽ വഴി നടത്തുന്നത്.

പ്രാഥമിക സഹകരണ സംഘങ്ങളുടെ വളർച്ചയും, ആധുനികവത്കരണവും വേഗത്തിലാക്കാനും സാധാരണക്കാരന് ബാങ്കിംഗ് സംവിധാനത്തിന്റെ അനന്തസാധ്യതകൾ തുറന്നു കൊടുക്കുവാനും BDPI സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് സാധിക്കും.

82.50 ലക്ഷം രൂപയാണ് സെല്ലിന്റെ പ്രവർത്തനത്തിനായി വകയിരുത്തിയിട്ടുള്ളത്. ചിലവിന്റെ 80% ആയ 66 ലക്ഷം രൂപ നബാർഡിൽ നിന്ന് ഗ്രാന്റായി ലഭിക്കുന്നതായിരിക്കും. 3 വർഷത്തേക്കാണ് നബാർഡിൽ നിന്നുള്ള ഗ്രാന്റ് ലഭിക്കുന്നത്. വിജയ സാധ്യത വിലയിരുത്തിയതിനു ശേഷം ബാങ്കിന് സ്വന്തം നിലയിൽ സെല്ലിന്റെ പ്രവർത്തനങ്ങൾ തുടരാവുന്നതാണ്.

**കെ. സി. സഹദേവൻ**
ചീഫ് ജനറൽ മാനേജർ



*നബാർഡിന്റെ "Business Diversification and Product Innovation Cell" അനുവാദ ഉത്തരവ് ബാങ്ക് വൈസ് പ്രസിഡന്റ്, ശ്രീ. എം. കെ.കണ്ണൻ കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, ശ്രീ.പി.എസ്.രാജന് കൈമാറുന്നു.*



*പ്രാഥമിക സഹകരണ ബാങ്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 'സമഗ്ര' വായ്പാ പദ്ധതിയുടെ പ്രഖ്യാപനം സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പറും ബാങ്ക് ബോർഡ് ഓഫ് മാനേജ്മെന്റ് മെമ്പറുമായ ശ്രീ. കെ. എൻ. ഹരിലാൽ, കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ശ്രീ. പി. എസ്. രാജന് പദ്ധതിരേഖ കൈമാറി നടത്തുന്നു.*



*കേരള സർക്കാർ സഹകരണ വകുപ്പിന്റെ എക്സലൻസ് അവാർഡ് സംസ്ഥാന തലത്തിൽ 2020-ൽ കരസ്ഥമാക്കിയ കേരള ബാങ്കിന് ബഹു: സഹകരണ വകുപ്പ് മന്ത്രി, ശ്രീ. കടകംപള്ളി സുരേന്ദ്രൻ സമ്മാനിക്കുന്നു. ബാങ്കിന് വേണ്ടി ജനറൽ മാനേജർമ്മാരായ ശ്രീ. സുനിൽ ചന്ദ്രൻ സി., ശ്രീ. ജി. ഗോപകുമാർ എന്നിവർ ഏറ്റുവാങ്ങുന്നു. സഹകരണ വകുപ്പ് സെക്രട്ടറി, ശ്രീമതി. മിനി ആന്റണി, IAS, സഹകരണ സംഘം രജിസ്ട്രാർ, ശ്രീ. ജറോമിക് ജോർജ്ജ്, IAS എന്നിവർ സമീപം*

# കേരള ബാങ്കിന്റെ എ.റ്റി.എം ഡെമോൺസ്ട്രേഷൻ വാനുകൾ ഉത്ഘാടനം ചെയ്തു




*നബാർഡ് കേരള ബാങ്കിനു അനുവദിച്ച ATM ഡെമോൺട്രേഷൻ വാനുകൾ സഹകരണ വകുപ്പ് സെക്രട്ടറി, ശ്രീമതി. മിനി ആന്റണി, IAS, രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റീസ്, ശ്രീ. ജെറോമിക് ജോർജ്ജ്, IAS എന്നിവർ ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്യുന്നു. നബാർഡ് ചീഫ് ജനറൽ മാനേജരും ഓഫീസർ ഇൻ-ചാർജ്ജുമായ, ശ്രീ.പി.ബാലചന്ദ്രൻ , നബാർഡ് സിജി എം, ഡോ.പി .സെൽവരാജ് , കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, ശ്രീ.പി.എസ്. രാജൻ, കേരള ബാങ്ക് ചീഫ് ജനറൽ മാനേജർ, ശ്രീ.കെ .സി .സഹദേവൻ എന്നിവർ സമീപം*

ബാങ്കിംഗ് സാങ്കേതിക വിദ്യ പ്രദർശിപ്പിക്കുന്ന തിനും, സാമ്പത്തിക സാക്ഷരത അവബോധം പൊതുജനങ്ങളിൽ സൃഷ്ടിക്കുന്നതിനുമായി നബാർഡിന്റെ സാമ്പത്തിക ഉൾപ്പെടുത്തൽ ഫണ്ട് (Financial Inclusion Fund) പ്രകാരം കേരള ബാങ്കിന് അനുവദിച്ച എ.റ്റി.എം ഡെമോൺസ്ട്രേഷൻ വാനുകൾ പ്രവർത്തന സജ്ജമായതായി ബഹു: മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഓൺലൈനിലൂടെ പ്രഖ്യാപിച്ചു. ബഹു: സഹകരണ വകുപ്പ് മന്ത്രി, ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഓൺലൈനിലൂടെ ആശംസകൾ അറിയിച്ചു.

നബാർഡ് കേരള ബാങ്കിനു അനുവദിച്ച 10 ATM ഡെമോൺട്രേഷൻ വാനുകളിൽ പൂർണ്ണമായി സജ്ജമായ രണ്ട് വാനുകൾ സഹകരണ വകുപ്പ് സെക്രട്ടറി, ശ്രീമതി. മിനി ആന്റണി, IAS, രജിസ്ട്രാർ ഓഫ് കോപ്പറേറ്റീവ് സൊസൈറ്റീസ്, ശ്രീ. ജെറോമിക് ജോർജ്ജ്, IAS എന്നിവർ ചേർന്ന് ഫ്ലാഗ് ഓഫ് ചെയ്തു. കേരള ബാങ്ക് പ്രൊഡക്ടുകളുടെ ബ്രോഷർ ശ്രീമതി. മിനി ആന്റണി IAS, നബാർഡ് ചീഫ് ജനറൽ മാനേജരും ഓഫീസർ ഇൻ-ചാർജ്ജുമായ, ശ്രീ. പി. ബാലചന്ദ്രന് നൽകി പ്രകാശനം ചെയ്തു. നബാർഡ് സിജിഎം, . ഡോ. പി. സെൽവരാജ്, ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, ശ്രീ. പി. എസ്. രാജൻ, ചീഫ് ജനറൽ മാനേജർ, ശ്രീ. കെ. സി. സഹദേവൻ, നബാർഡിന്റെയും കേരള ബാങ്കിന്റെയും ഉന്നത ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായിരുന്നു.

# കാർഷിക രംഗത്തെ നേട്ടങ്ങളുമായി ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്ക്





ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്ക് വിവിധങ്ങളായ ബാങ്കിംഗ് പ്രവർത്തനങ്ങളോടൊപ്പം കാർഷിക രംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചിരിക്കുന്നു. നെൽ കൃഷിക്ക് പലിശ രഹിത വായ്പയും, കുടുംബശ്രീ വായ്പയും, ക്ഷീരവകുപ്പിന്റെ ധനസഹായത്തോടെ പശു, ആട്, കോഴി വളർത്തുന്നതിനുള്ള വായ്പയും നൽകി വരുന്നു. ഹരിത കേരളം മിഷൻ പദ്ധതിയുടെ ഭാഗമായി ടിവാൻഡ്രം സ്പിന്നിംഗ് മില്ലിന്റെ 5 ഏക്കർ തരിശുഭൂമി ഏറ്റെടുത്ത് 2018 മുതൽ സമ്മിശ്ര കൃഷി നടത്തി വരുന്നു. ദിവസവും 100 ലിറ്റർ പാൽ ലഭിക്കുന്ന ഇരുപതോളം പശുക്കൾ സംഘത്തിന് സ്വന്തമായുണ്ട്. പാല്, മുട്ടയും പച്ചക്കറികളും ഹെഡ്ഓഫീസിൽ പ്രവർത്തിക്കുന്ന സംഘത്തിന്റെ സ്റ്റോർ വഴി നേരിട്ട് വിൽപ്പന നടത്തുന്നു. 500 ലധികം കോഴികളും സംഘത്തിനുണ്ട്.

മികച്ച പ്രവർത്തനത്തിന്റെ ഭാഗമായി 2019-ലെ പൊതു മേഖലാ സ്ഥാപനങ്ങളിലെ കൃഷിക്കുള്ള ജില്ലാ തലത്തിലുള്ള ഒന്നാം സമ്മാനം ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്കിന് ലഭിക്കുകയുണ്ടായി. ടി. ബാങ്കിന്റെ പ്രവർത്തനങ്ങളെ നേരിട്ട് അറിയുവാനായി ഹിമാച്ചൽ പ്രദേശ് സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക് ചെയർമാനും ജനറൽ മാനേജരും 5.2.2021-ന് ബാങ്കും, കൃഷിയിടങ്ങളും സന്ദർശിച്ചത് അഭിമാന മുഹൂർത്തമായി. കോവിഡ്-19 അതിജീവന പ്രവർത്തനങ്ങൾക്ക് കേരള ബാങ്കിന്റെ ജില്ലാതല അവാർഡും ബാലരാമപുരം സർവീസ് സഹകരണ ബാങ്കിനു ലഭിച്ചു



## ഫിനാൻഷ്യൽ ഫ്രീഡം ഫൈറ്റേഴ്സ് അവാർഡ് കേരള ബാങ്കിന്

അടൽ പെൻഷൻ യോജന (എ.പി.വൈ) പദ്ധതിയുടെ ഭാഗമായി കേന്ദ്രസർക്കാരിന് കീഴിലുള്ള പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റി (പി.എഫ്.ആർ.ഡി.എ) ധനകാര്യസ്ഥാപനങ്ങൾക്ക് നൽകിവരുന്ന ഫിനാൻഷ്യൽ ഫ്രീഡം ഫൈറ്റേഴ്സ് അവാർഡ് കേരള ബാങ്കിന് ലഭിച്ചു. കൂടുതൽ എ.പി.വൈ അക്കൗണ്ടുകൾ ആരംഭിച്ച് മികച്ച പ്രവർത്തനം നടത്തിയതിനാണ് കേരള ബാങ്കിന്റെ കോഴിക്കോട് റീജിയണും കോഴിക്കോട് ക്രെഡിറ്റ് പ്രൊസസിംഗ് സെന്ററിനും അവാർഡുകൾ ലഭിച്ചത്. ഫിനാൻഷ്യൽ ഫ്രീഡം ഫൈറ്റേഴ്സ് അവാർഡിന്റെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ചവെച്ച റീജിയണൽ ഹെഡായി കേരള ബാങ്ക് കോഴിക്കോട് റീജിയണൽ ജനറൽ മാനേജർ സി അബ്ദുൽ മുജീബ്, ജില്ലാതല ഹെഡായി കേരള ബാങ്ക് കോഴിക്കോട് സി.പി.സി ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. എം. പി. ഷിബു, മികച്ച നോഡൽ ഓഫീസറായി കേരള ബാങ്ക് കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. ഐ. കെ. വിജയൻ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. 2020 സെപ്റ്റംബറിലെ വാരിയർ ഓഫ് വിന്നിംഗ് വെനസ്ഡെ അവാർഡും കേരള ബാങ്കിന് ലഭിച്ചു. കോഴിക്കോട് നടന്ന ചടങ്ങിൽ കേരള ബാങ്ക് ഡയറക്ടർ ശ്രീ. ഇ. രമേശ് ബാബുവിൽനിന്നും കേരള ബാങ്ക് റീജിയണൽ ജനറൽ മാനേജർ ശ്രീ. സി. അബ്ദുൽ മുജീബ് അവാർഡ് ഏറ്റുവാങ്ങി.

# ഇടപാടുകാരന്റെ ജീവൻ രക്ഷിച്ച ബാബുരാജിനെ കേരള ബാങ്ക് ആദരിച്ചു



കോഴിക്കോട്: കേരള ബാങ്ക് വടകര ശാഖയിലെ ഇടപാടുകാരനായ നട്ടുപ്പറമ്പിൽ ബിനുവിനെ അപ്രതീക്ഷിത അപകടത്തിൽ നിന്നും രക്ഷപ്പെടുത്തിയ ശാഖയിലെ ഇടപാടുകാരനും കീഴൽ സ്വദേശിയുമായ തയ്യൽ മീത്തൽ ശ്രീ. ബാബുരാജിനെ കേരള ബാങ്ക് ആദരിച്ചു. ഒന്നാം നിലയിലുള്ള ബാങ്ക് കെട്ടിടത്തിന്റെ വരാന്തയിൽ നിന്ന് തലകറങ്ങി താഴേക്ക് മറിഞ്ഞുവീണ ശ്രീ. ബിനുവിനെ സമയോചിത ഇടപെടലിലൂടെ ബാബുരാജ് രക്ഷപ്പെടുത്തുകയായിരുന്നു. ശ്രീ. ബിനു മറിഞ്ഞുവീഴുന്നതും സെക്കന്റുകൾക്കുള്ളിൽ തെല്ലും പതറാതെ ബിനുവിന്റെ ഒരുകാലിൽ പിടിച്ച് മറ്റുള്ളവരുടെ സഹായത്തോടെ രക്ഷപ്പെടുത്തുന്ന ശ്രീ. ബാബുരാജിന്റെ വീഡിയോയും വാർത്തയും ഏറെ ചർച്ചയായിരുന്നു.

സമാനതകളില്ലാത്ത ധൈര്യം പ്രകടിപ്പിച്ച് മനുഷ്യ സ്നേഹത്തിന്റെ മഹാമാതൃകയായി മാറിയ ശ്രീ. ബാബുരാജിനും രക്ഷാപ്രവർത്തനത്തിൽപങ്കാളിയായ ശ്രീ. കെ. കെ. ദാമുവിനും കേരള ബാങ്ക് ഭരണസമിതിയുടേയും ജീവനക്കാരുടേയും നേതൃത്വത്തിലാണ് ആദരവ് നൽകിയത്. കേരളാ ബാങ്ക് സി.ജി.എം ശ്രീ. കെ. സി. സഹദേവൻ വീഡിയോകോൺഫറൻസിലൂടെ ആദരവും അഭിനന്ദനവും അറിയിച്ചു. കേരള ബാങ്ക് കോഴിക്കോട് റീജിയണൽ കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ റീജിയണൽ ജനറൽ മാനേജർ ശ്രീ. സി. അബ്ദുൽ മുജീബ് ഉപഹാരം നൽകി. സി.പി.സി ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. എം. പി. ഷിബു അധ്യക്ഷതവഹിച്ചു. കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ജനറൽ മാനേജർമാരായ ശ്രീ. എൻ. നവനീത്കുമാർ, ശ്രീ. ഐ. കെ. വിജയൻ, ശ്രീ. ടി. സൂപ്പി, സീനിയർ മാനേജർ ശ്രീ. കെ. കെ. സജിത് കുമാർ, മാനേജർ ശ്രീ. പി. പ്രേമാനന്ദൻ, ശ്രീ. ഒ. രമേശൻ, ശ്രീ. ഇ. എം. പ്രശാന്തൻ എന്നിവർ പ്രസംഗിച്ചു. ശ്രീ. ബാബുരാജ് മറുപടി പ്രസംഗം നടത്തി. സീനിയർ മാനേജർ ശ്രീ. വിനോദൻ ചെറിയാലത്ത് സ്വാഗതവും പബ്ലിക് റിലേഷൻസ് ഓഫീസർ ശ്രീ. സി. സഹദ് നന്ദിയും പറഞ്ഞു.

# സമ്മിശ്ര കൃഷിയിൽ മാതൃകയായി വയനാട് പള്ളിക്കുന്നിലെ 'സാരഥി ' സ്വയം സഹായ സംഘം



സമ്മിശ്ര കൃഷിയിലൂടെ മറ്റുള്ളവർക്ക് മാതൃകയാവുകയാണ് വയനാട് പള്ളിക്കുന്ന് ചുണ്ടക്കരയിലെ സാരഥി സ്വയം സഹായ സംഘം

നിലവിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ കമ്പളക്കാട് ,പള്ളിക്കുന്ന്, കണിയാമ്പറ്റ, പള്ളിമുക്ക് തുടങ്ങിയ പ്രദേശങ്ങളിലുള്ളവർക്ക് ദിവസേന പാലും പാലുൽപന്നങ്ങളും നൽകിവരുന്ന സാരഥി നമുക്ക് മുമ്പിൽ വരച്ച് കാട്ടുന്നത് കഠിനാദ്ധ്വാനത്തിൻ്റെ കൃഷിപാഠം. ഗോശാലയെ സമ്പന്നമാക്കി 30 കറവപ്പശുക്കൾ, 25 ആട്, 40 കോഴികൾ. ഒപ്പം, മരച്ചീനി, ചേന, ചേമ്പ് തുടങ്ങിയ കൃഷികളും.

2008 നവംബർ 18 ന് പ്രദേശത്തെ 10 വനിതകൾ ചേർന്ന് ആരംഭിച്ച പ്രതീക്ഷ കുടുംബശ്രീ യൂണിറ്റാണ് ഇന്നു കാണുന്ന രീതിയിൽ വളർന്നത്. 2009- ൽ വയനാട് ജില്ലാ സഹകരണ ബാങ്കിൻ്റെ കമ്പളക്കാട് ശാഖ നൽകിയ രണ്ടര ലക്ഷം രൂപ വായ്പ ഉപയോഗിച്ച് മരച്ചീനി (കപ്പ), ചേന, ചേമ്പ് കൃഷികൾ ആരംഭിച്ചു.

കൃഷിക്കൊപ്പം കേരള ബാങ്ക് കമ്പളക്കാട് ശാഖ നൽകിയ ചെറു വായ്പ ഉപയോഗിച്ച് രണ്ടു കറവ പശുക്കളെ വാങ്ങി വളർത്താൻ തുടങ്ങി.

പിന്നീട് സാരഥി എന്ന പേരിൽ JLG രൂപീകരിച്ച് കേരള ബാങ്കിൽ നിന്ന് 5 ലക്ഷം രൂപ കൂടി വായ്പയെടുത്ത് പശുക്കളുടെ എണ്ണം ഏഴായി ഉയർത്തി. തുടക്കത്തിൽ വാടക ഷെഡിലായിരുന്നുവെങ്കിലും പിന്നീടങ്ങോട്ട് JLG അംഗങ്ങളായ ജിഷയുടെയും ജെനി യുടേയും നേതൃത്വത്തിൽ 'സാരഥി' വിജയഗാഥ രചിക്കുകയായിരുന്നു. കേരള ബാങ്കിലെ വായ്പ 20 ലക്ഷമായി വർദ്ധിപ്പിച്ച് പശുക്കളുടെ എണ്ണം 30 ലേക്ക് ഉയർത്തിയതിനൊപ്പം വാടകക്കെടുത്ത ഗോശാല വിലകൊടുത്തു സ്വന്തമാക്കാനും 'സാരഥി'ക്ക് കഴിഞ്ഞു. നേരത്തെ ക്ഷീര സൊസൈറ്റി വഴിയാണ് പാൽ വിറ്റുവന്നിരുന്നത്. എന്നാൽ കോവിഡ് വന്നതോടെ ചില ദിവസങ്ങളിൽ സൊസൈറ്റിക്ക് പാൽ സ്വീകരിക്കാൻ കഴിയാതെവന്നതോടെസ്വന്തംനിലയിൽപാൽ വിൽക്കാൻ തുടങ്ങുകയായിരുന്നു. ഇപ്പോൾ പുതുതായി വാങ്ങിയ വണ്ടി ഉപയോഗിച്ച് എല്ലാ ദിവസവും പ്രദേശത്തെ വീടുകളിൽ നേരിട്ട് 300 ലിറ്റർ പാൽ എത്തിച്ച് നൽകുകയാണ്. പാട്ടത്തിനെടുത്ത മൂന്നേക്കർ സ്ഥലത്ത് തീറ്റപ്പുൽ കൃഷിയും നടത്തിവരുന്നു.

നാലര ലക്ഷം രൂപ മാസ വരുമാനമുള്ള സ്ഥാപനമാണ് ഇന്ന് സാരഥി. കോവിഡ് കാലത്ത് കേരള ബാങ്ക് വഴി ലഭിച്ച മുഖ്യമന്ത്രിയുടെ സഹായഹസ്തം വഴിയുള്ള ധനസഹായം ഏറെ ഉപകാരപ്രദമായെന്ന് ജിഷയും ജെനിയും പറഞ്ഞു. സംഘാംഗങ്ങൾ കൂടാതെ 5 പേർക്ക് തൊഴിൽ നൽകാനും സാധിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ 2020- ലെ മികച്ച സമ്മിശ്ര കർഷകർക്കുള്ള അവാർഡും കണിയാമ്പറ്റ പഞ്ചായത്തിലെ മികച്ച ക്ഷീരകർഷക അവാർഡും സാരഥിയുടെ നേതൃത്വം വഹിക്കുന്ന ജിഷയ്ക്കും ജെനിക്കുമായിരുന്നു.




*കേരള ബാങ്കിന്റെ രൂപീകരണവും നിലവിലെ പ്രവർത്തനവും പഠിക്കാൻ ഉത്തരാഖണ്ഡ് മന്ത്രിയും ഉത്തരാഖണ്ഡ് സംസ്ഥാന സഹകരണ ബാങ്ക് ചെയർമാനുമായ, ശ്രീ. ധ്യാൻ സിംഗ് റാവത്തിന്റെ നേതൃത്വത്തിൽ സംസ്ഥാന സഹകരണ ബാങ്കിന്റെ ഡയറക്ടർമ്മാരും സഹകരണ സംഘം രജിസ്ട്രാറും അടങ്ങിയ 14-അംഗ സംഘവുമായി കേരള ബാങ്ക് സിഇഒ, ശ്രീ. പി. എസ്. രാജൻ ചർച്ച നടത്തുന്നു*



*ഹിമാചൽ പ്രദേശ് സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശ്രീ. കുശിറാം ബൽനാടക്, ബാങ്ക് ജനറൽ മാനേജർ, ഡോ. ആർ. പി. നൈയ്യാ എന്നിവർ കേരള ബാങ്ക് സിഇഒ, സിജിഎം എന്നിവരുമായി ചർച്ച നടത്തുന്നു.*

# കേരള ബഡ്ജറ്റിൽ കേരള ബാങ്ക്




ബഡ്ജറ്റിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാന ധനകാര്യ സ്ഥാപനങ്ങളുടെ ഒരു കൗൺസിൽ രൂപീകരിക്കുന്ന കാര്യം സൂചിപ്പിക്കുന്നുണ്ട്. സംരംഭകത്വ വികസനത്തിനുവേണ്ടിയുള്ള വായ്പകളുടെ ലക്ഷ്യം നിർവ്വചിക്കുകയും, അവരുടെ പുരോഗതി അവലോകനം ചെയ്യുകയുമായിരിക്കും ഈ കൗൺസിലിന്റെ മുഖ്യചുമതല. ഈ സ്ഥാപനങ്ങളുടെ കൂട്ടത്തിൽ കേരള ബാങ്കും ഉണ്ടെന്നുള്ളത് ബാങ്കിനെ സംബന്ധിച്ച് അഭിമാന നിമിഷവും അംഗീകാരവുമാണ്

സംസ്ഥാനത്തിന്റെ വികസനത്തിന് ബജറ്റിലൂടെയുള്ള വിഭവസമാഹരണം അപര്യാപ്തമാണ് എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ നൂതനങ്ങളായ നടപടികൾ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള ധനകാര്യ സ്ഥാപനങ്ങൾക്ക് വികസനത്തിൽ നിർണായകമായ പങ്കു വഹിക്കാൻ കഴിയും. ഇതിലേറ്റവും പ്രധാനം കിഫ്ബിയും കേരള ബാങ്കുമാണ്. രണ്ടാമത്തേതാകട്ടെ, കൃഷിക്കാർക്കും സംരംഭകർക്കും ആവശ്യമുള്ള പ്രവർത്തനമൂലധനമടക്കം ലഭ്യമാക്കുന്നതിനുള്ള ഒരു ബദൽ ധനകാര്യനയമാണ് കേരളം മുന്നോട്ടു വെയ്ക്കുന്നത്.

ഇതിനായി വിവിധ പരിപാടികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

1. കേരള ബാങ്ക്, കെഎസ്ഐഡിസി, കെഎഫ്സി, കെഎസ്എഫ്ഇ എന്നീ സ്ഥാപനങ്ങൾ സംയുക്തമായി ഒരു വെഞ്ചർ കാപ്പിറ്റൽ ഫണ്ടിന് രൂപം നൽകും. ഇതിലേയ്ക്ക് 50 കോടി രൂപ വകയിരുത്തുന്നു.

2. കെഎസ്ഐഡിസിയും കെഎഫ്സിയും കേരള ബാങ്കും സ്റ്റാർട്ട് അപ്പുകൾക്ക് നൽകുന്ന വായ്പയിൽ നഷ്ടമുണ്ടാവുമെങ്കിൽ അതിന്റെ 50 ശതമാനം സർക്കാർ താങ്ങായി നൽകുന്നതാണ്.

3. ഇപ്പോൾ സ്റ്റാർട്ട് അപ്പ് മിഷൻ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേരള ഫണ്ട് ഓഫ് ഫണ്ട് സ്കീം ഫോർ ടെക്നോളജി പ്രോഡക്റ്റ് സ്റ്റാർട്ട് അപ്പ് വിപുലീകരിക്കുന്നതിനു 20 കോടി രൂപ വകയിരുത്തുന്നു.

4. സ്റ്റാർട്ട് അപ്പുകളുടെ വർക്ക് ഓർഡറിന്റെ 90 ശതമാനം പരമാവധി 10 കോടി രൂപ വരെ പത്തുശതമാനം പലിശയ്ക്ക് ലഭ്യമാക്കും. സർക്കാരിന്റെ വികസനലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട നൂതന പ്രോട്ടോടൈപ്പുകളുടെ വിപുലീകരണത്തിന് 1 കോടി രൂപ വരെ ലഭ്യമാക്കും. കെഎഫ്സിയും കേരള ബാങ്കും വഴിയാണ് ഈ സ്കീമുകൾ നടപ്പാക്കുക.

“വർക്ക് നിയർ ഹോമി”നു പുറമെ, “വർക്ക് ഫ്രം ഹോം” അതായത് വീട്ടിലിരുന്ന് പണിയെടുക്കുന്നവർക്കു വേണ്ടിയുള്ള തൊഴിൽ സാധ്യതകൾ കൂടി ഉപയോഗപ്പെടുത്തുന്നതാണ്. കമ്പനികൾക്ക് കേന്ദ്രീകൃതമോ വികേന്ദ്രീകൃതമോ ആയ തലത്തിലേയ്ക്കുള്ള ജോലിക്കാരെ തെരഞ്ഞെടുക്കുന്നതിനുള്ള അവസരമൊരുക്കും. സന്നദ്ധരായ പ്രൊഫഷണലുകളുടെയും പരിശീലനം സിദ്ധിച്ചവരുടെയും വിവരങ്ങൾ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി ലഭ്യമാക്കും.ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി കമ്പനികൾ ജോലിയ്ക്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക്. അവരുടെ ജോലിയ്ക്ക് ആവശ്യമായിട്ടുള്ള കമ്പ്യൂട്ടറും മറ്റ് സാങ്കേതിക ഉപകരണങ്ങളും വാങ്ങുന്നതിന് എക്രോസ് ദി കൗണ്ടർ വായ്പ കെഎഫ്സി, കെഎസ്എഫ്ഇ, കേരള ബാങ്ക് വഴി ലഭ്യമാക്കും.

## കേരള ബാങ്ക് വായ്പാ കൈപ്പുസ്തകം പ്രകാശനം ചെയ്തു




*കേരള ബാങ്ക് വായ്പകൾ - കൈപ്പുസ്തകം ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ ബാങ്ക് ഡയറക്ടർ ശ്രീ. പി. ഗഗാറിന് നൽകി പ്രകാശനം ചെയ്യുന്ന ബാങ്ക് ഡയറക്ടർ ശ്രീ. എം സത്യപാലൻ, CEO ശ്രീ. പി. എസ്. രാജൻ, CGM ശ്രീ. കെ. സി. സഹദേവൻ, ജനറൽ മാനേജർ ശ്രീ. എസ്. കുമാർ എന്നിവർ സമീപം.*

ചെറുകിട ഇടത്തരം സംരംഭവായ്പകളും , ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ വായ്പകളും, കേരള സർക്കാരിന്റെ നോർക്ക റൂട്ട്സുമായി ചേർന്ന് തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനായുള്ള പ്രവാസി കിരൺ വായ്പയും കേരള ബാങ്ക് നൽകുന്നുണ്ട്. കൂടാതെ നബാർഡിന്റെയും കേന്ദ്ര സർക്കാരിന്റെയും പലിശയിളവ് ലഭിക്കുന്ന ദീർഘകാല കാർഷികവായ്പകളും, കിസാൻ മിത്ര വായ്പകളും കാർഷിക , കാർഷിക അനുബന്ധ മേഖലയുടെ വളർച്ചക്കായി കേരള ബാങ്ക് വഴി നൽകുന്നു.

കേരളബാങ്ക് ജനങ്ങൾക്കായി മുന്നോട്ട് വയ്ക്കുന്നത് 22 ഇനം വായ്പകളാണെന്ന് ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ. കാർഷിക വായ്പകൾ മുതൽ ഭവന നിർമ്മാണ വായ്പകൾ വരെ ഇതിൽ ഉൾപ്പെടും. പരമാവധി നടപടികൾ ലഘൂകരിച്ച് വായ്പകൾ സാധാരണക്കാരിലേക്ക് എത്തിക്കാനാണ് കേരള ബാങ്കിന്റെ ശ്രമം. അമിത നിരക്കുകളോ, ഒളിഞ്ഞിരിക്കുന്ന മറ്റ് ചാർജ്ജുകളോ കേരള ബാങ്കിൽ ഉണ്ടായിരിക്കയില്ല എന്നും അദ്ദേഹം പറഞ്ഞു.

കേരള ബാങ്കിന്റെ വായ്പകളെക്കുറിച്ച് മലയാളത്തിൽ പ്രസിദ്ധീകരിച്ച കൈപ്പുസ്തകത്തിന്റെ പ്രകാശനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ബോർഡ് ഡയറക്ടർ ശ്രീ. പി. ഗഗാറിൻ പുസ്തകം ഏറ്റുവാങ്ങി.

വസ്തു ജാമ്യത്തിന്റെയും, സാലറി സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിലുള്ള വ്യക്തിഗത വായ്പകളോടൊപ്പം യുവാക്കൾക്കും, തൊഴിൽ രഹിതർക്കും തൊഴിലും വരുമാനവും ഉറപ്പാക്കുന്ന ധാരാളം സംരംഭക വായ്പകളും കാർഷിക വായ്പകളും കേരള ബാങ്കിന്റേതായിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാറിന്റെ സബ്സിഡി ലഭിക്കുന്ന സൂക്ഷ്മ

വായ്പകൾ സംബന്ധിച്ച അത്യാവശ്യ വിവരങ്ങൾ സാധാരണക്കാരിലേക്ക് വളരെ വേഗം എത്തിക്കുന്നതിനാണ് കേരള ബാങ്ക് വായ്പകൾ സംബന്ധിച്ച് മലയാളത്തിലുള്ള കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. കൈപ്പുസ്തകം പ്രകാശന ചടങ്ങിൽ ബാങ്ക് ഡയറക്ടർ ശ്രീ. എം. സത്യപാലൻ, CEO ശ്രീ. പി. എസ്. രാജൻ, CGM, ശ്രീ. കെ. സി. സഹദേവൻ ജനറൽ മാനേജർമാരായ ശ്രീ. എസ്. കുമാർ, ശ്രീ. പി. ഗോപകുമാർ , ശ്രീ. ജി. ഗോപകുമാർ എന്നിവർ സംബന്ധിച്ചു.

# ജില്ലയിൽ മികച്ച പ്രവർത്തനങ്ങൾക്കു അവാർഡ് ലഭിച്ച പ്രാഥമിക സഹകരണ ബാങ്കുകൾ


ബാലരാമപുരം സർവ്വീസ് സഹകരണ ബാങ്ക്,
തിരുവനന്തപുരം


തങ്കമണി സർവ്വീസ് സഹകരണ ബാങ്ക്,
ഇടുക്കി


പുതുപ്പാടി സർവ്വീസ് സഹകരണ ബാങ്ക്,
കോഴിക്കോട്


നടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്,
കൊല്ലം


അടിമാലി സർവ്വീസ് സഹകരണ ബാങ്ക്,
ഇടുക്കി


കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്,
കോഴിക്കോട്


നെടുമൺ സർവ്വീസ് സഹകരണ ബാങ്ക്,
പത്തനംതിട്ട


പാറക്കടവ് സർവ്വീസ് സഹകരണ ബാങ്ക്,
എറണാകുളം


തരിയോട് സർവ്വീസ് സഹകരണ ബാങ്ക്,
വയനാട്


ഭരണിക്കാവ് സർവ്വീസ് സഹകരണ ബാങ്ക്,
ആലപ്പുഴ


പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക്,
തൃശ്ശൂർ


മാടായി കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക്,
കണ്ണൂർ


മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്ക്,
കോട്ടയം


കണ്ണമ്പ്ര സർവ്വീസ് സഹകരണ ബാങ്ക്,
പാലക്കാട്


പനത്തടി സർവ്വീസ് സഹകരണ ബാങ്ക്,
കാസർഗോഡ്

# Transforming Villages. Ensuring Prosperity.



Climate Action

Rural Infrastructure

Watershed Development

Farmer Collectives

Women Empowerment

Tribal Development

Financial Inclusion

NABARD

Development Bank of the Nation

www.nabard.org /nabardonline

Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, VikasBhavan.P.O, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Printed at Orange Printers Pvt. Ltd. Thiruvananthapuram Ph: 0471 40 10905